	1997-98	1241.55
	1998-99	1706.58
	1999-2000	കണക്കുകൾ പൂർത്തിയായിട്ടില്ല.
(ബി)	വർഷം	പലിശ (കോടി രൂപയിൽ)
	1996-97	812.24
	1997-98	939.21
	1998-99	1071.92
	1999-2000	കണക്കുകൾ പൂർത്തിയായിട്ടില്ല.
(സി)	വർഷം	ശതമാനം
	1996-97	13.22
	1997-98	13.20
	1998-99	14.89
	1999-2000	കണക്കുകൾ പൂർത്തിയായിട്ടില്ല.

(ഡി) 601.12 കോടി രൂപ (1999 നവംബർ മാസം വരെയുള്ള കണക്ക്)

13 (323) സർക്കാർ വാങ്ങിയ വായ്പകൾ

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വകാര്യ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, വൈദ്യുതി ബോർഡ്, തൊഴിലാളി ക്ഷേമനിധികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ ഓരോ സ്ഥാപനങ്ങളിൽ നിന്നും എത്ര പ്രാവശ്യം വായ്പ വാങ്ങിയിട്ടുണ്ട്;

(ബി) ഈ വായ്പയുടെ പലിശ എത്ര ശതമാനമാണ്;

(സി) ഇത്തരം ഓരോ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത വകയിൽ ഗവൺമെന്റ് ഇപ്പോൾ എന്തു തുക വീതം തിരിച്ച് നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വായ്പ വാങ്ങിയിട്ടില്ല.

(ബി)&(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

14 (324) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഫണ്ട്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്വരൂപിച്ച ഫണ്ടിലേയ്ക്ക് എത്ര കോടി രൂപ പിരിഞ്ഞുകിട്ടി;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇതിനോടകം എത്ര പ്രോജക്ടുകൾക്ക് ഈ ഫണ്ടിൽ നിന്നും ധനസഹായം നൽകുവാൻ അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെ എന്നും ഓരോന്നിനും എത്ര രൂപ വീതം ധനസഹായം നൽകി എന്നും വ്യക്തമാക്കുമോ;

(ഇ) കിൻഫ്രായുടെ ഏതെങ്കിലും സ്കീമിന് അനുമതി നൽകിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ജി) ഈ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും ഹൈക്കോടതി നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് ആദായ വിഹിതം നൽകുന്നതിനും നിക്ഷേപത്തുക തിരിച്ച് നൽകുന്നതിനുമുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഐ) ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ നിന്നും ഇതിനാവശ്യമായ തുക ലഭിക്കുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) 507.06 കോടി രൂപ പിരിഞ്ഞുകിട്ടി.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ഇതുവരെ അനുമതി നൽകിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഏതൊക്കെ ഏജൻസികളുടെ സ്കീമിന് അനുമതി നൽകണമെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ജി) ഹൈക്കോടതി നിർദ്ദേശങ്ങൾ ഒന്നും നിലവിലില്ല.

(എച്ച്) ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് ആദായ വിഹിതം നൽകുവാൻ വ്യവസ്ഥയില്ല. എന്നാൽ 13.25% നിരക്കിൽ അർദ്ധ വാർഷിക പലിശ നൽകുവാൻ വ്യവസ്ഥയുണ്ട്. നിക്ഷേപത്തുക നിലവിലുള്ള നിബന്ധന പ്രകാരം 7 വർഷത്തിനുശേഷമാണ് തിരിച്ചുനൽകുന്നത്. നിക്ഷേപകർ ആവശ്യപ്പെടുന്നപക്ഷം നിക്ഷേപിച്ച് 5 വർഷമാകുന്ന മുറയ്ക്ക് തുക തിരിച്ച് നൽകുവാനും വ്യവസ്ഥയുണ്ട്.

(ഐ) ഉണ്ട്.

15 (325) സംസ്ഥാനത്തിന്റെ കടബാദ്ധ്യത

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. തെന്നാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly